## പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.550 — 30.06.2016 ന് മറുപടിയ്ക്ക്.

### പുത്തൂർ സുവോളജിക്കൽ പാർക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ പൂത്തൂർ സുവോളജിക്കൽ പാർക്കിന് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) തൃശ്ശൂർ ജില്ലയിൽ പുത്തൂരിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന സുവോളജിക്കൽ പാർക്കിന് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) കഴിഞ്ഞ വാർഷിക ബജറ്റിൽ പുത്തൂർ സുവോളജിക്കൽ പാർക്കിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) 2016-17 വാർഷിക ബജറ്റിൽ 2406-02-110-48-Zoological Park, Wildlife Protection and Researh Centre എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപയും (നാനൂറ് ലക്ഷം രൂപ), 4406-02-110-97-Zoological Park, Wildlife Protection and Researh Centre (NABARD RIDF) എന്ന ശീർഷകത്തിൽ 800 ലക്ഷം രൂപയും (എണ്ണൂറ് ലക്ഷം രൂപ) തൃശ്ശൂർ സുവോളജിക്കൽ പാർക്കിന് വകയിരുത്തിയിട്ടുണ്ട്. (ആകെ 1200 ലക്ഷം രൂപ). ഇതിൽ 54,639/- രൂപ (അൻപത്തി നാലായിരത്തി അറുനൂറ്റി മുപ്പത്തിയൊൻപത് രൂപ) ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# <u>അനുബന്ധം</u>

| ക്രമ നം. | വർഷം | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | റിമാർക്സ് |
|---|---|---|---|---|
| 1 | 2011-12 | 4.00 | 3.2485 | മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ (തൃശ്ശൂർ സെൻട്രൽ സർക്കിളിൽ നിന്നും ചെലവഴിച്ചത് ) |
| 2 | 2012-13 | 250.01 | 250.00 | 250 ലക്ഷം രൂപ റ്റി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചു. |
| | | 6.00 | 6.00 | ബോധവൽക്കരണത്തിനും, ഉദ്ഘാടനത്തിനും തൃശ്ശൂർ ഡിവിഷനിൽ നിന്നും ചെലവഴിച്ചത്. |
| 3 | 2013-14 | 2500.00 | 287.137 | ഇതിൽ കേരള പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷന് 200 ലക്ഷവും, സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് 72.51 ലക്ഷവും നൽകി. |
| | | 0.30 | 0.30 | അതിർത്തി നിർണ്ണയത്തിനുവേണ്ടി തൃശ്ശൂർ ഡിവിഷനിൽ നിന്നും ചെലവഴിച്ചത്. |
| 4 | 2014-15 | 500.00 | 58.33 | വംശനാശ ഭീഷണി നേരിടുന്ന പക്ഷികളേയും - മൃഗങ്ങളേയും പ്രദർശിപ്പിക്കാനുള്ള എൻക്ലോഷറുകൾക്ക് സെൻട്രൽ സൂ അതോറിറ്റിയിൽ നിന്നും നിയമപരമായി അനുമതി ലഭ്യമാകാത്ത-തിനാൽ, ബാക്കി ഫണ്ട് ചെലവഴിക്കാൻ കഴിഞ്ഞില്ല. |
| 5 | 2015-16 | 200.00 | 27.243 | ഒന്നാം ഘട്ട പ്രവർത്തനങ്ങൾ തുടങ്ങാനാ-വശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| **ആകെ** | | **3460.31** | **632.2585** | |

S.O.